# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 22.06.2024**

### പ്രധാനവാർത്തകൾ

1. 53-ാമത് ജിഎസ്ടി കൗൺസിൽ യോഗം ഉച്ചതിരിഞ്ഞ് ധനമന്ത്രി നിർമ്മല സീതാരാമന്റെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ചേരും.

2. വർക്കല ക്ലിഫ് സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.

3. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിന് സംസ്ഥാനത്തുടനീളം ഞാറ്റുവേല ചന്തകൾക്കും കർഷകസഭകൾക്കും ഇന്ന് തുടക്കമാകും.

4. ജലോത്സവങ്ങൾക്ക് തുടക്കം കുറിച്ചുള്ള ചമ്പക്കുളം മൂലം വള്ളംകളി ഇന്ന് പമ്പയാറ്റിൽ.

5. സംസ്ഥാനത്ത് ശക്തമായ മഴ തുടരും ; ഇന്ന് 8 ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

6. ട്വന്റി-20 പുരുഷ ലോകകപ്പ് ക്രിക്കറ്റിൽ സൂപ്പർ 8 ൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും.

***************************************

RNUTVPM

## പ്രധാനമന്ത്രി

പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന കൂടിക്കാഴ്ച നടത്തി. രണ്ട് ദിവസത്തെ സന്ദർശനത്തിനെത്തിയ ഷെയ്ഖ് ഹസീനയ്ക്ക് രാഷ്ട്രപതി ഭവനിൽ സ്വീകരണം നൽകി. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ എന്നിവരുമായും ബംഗ്ലാദേശ് പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. രാഷ്ട്രപിതാവ് മഹാത്മാഗാന്ധി അന്ത്യവിശ്രമം കൊള്ളുന്ന രാജ്ഘട്ടിൽ ബംഗ്ലാദേശ് പ്രധാനമന്ത്രി ശ്രദ്ധാഞ്ജലി അർപ്പിച്ചു.

*********************************************

## ധനമന്ത്രി നിർമ്മല

53-ാമത് ജിഎസ്ടി കൗൺസിൽ യോഗം ഉച്ചതിരിഞ്ഞ് ധനമന്ത്രി നിർമ്മല സീതാരാമന്റെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ചേരും. 2024-25 പൊതുബജറ്റിന് മുന്നോടിയായി ധനമന്ത്രി നിർമ്മല സീതാരാമൻ ന്യൂഡൽഹിയിൽ എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ധനമന്ത്രിമാരുമായി യോഗം നടത്തി. ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരി, ധനകാര്യ സെക്രട്ടറി ടി വി സോമനാഥൻ, സാമ്പത്തിക കാര്യ വകുപ്പ് സെക്രട്ടറി, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

*********************************************

## ഞാറ്റുവേല

കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിൻറെ ഭാഗമായി സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുന്ന ഞാറ്റുവേല ചന്തകൾക്കും കർഷകസഭകൾക്കും ഇന്ന് തുടക്കം. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കായംകുളത്ത്

PNU TVPM

കൃഷി മന്ത്രി പി. പ്രസാദ് ഇന്ന് നിർവഹിക്കും. പരിപാടിയിൽ ഭൗമ സൂചിക പദവി ലഭിച്ച ഓണാട്ടുകര എള്ളിൻെറ സംഭരണോദ്ഘാടനവും മന്ത്രി നിർവ്വഹിക്കും. കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനും, കർഷകർക്ക് ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത സമയബന്ധിതമായി ഉറപ്പാക്കുന്നതിനുമാണ് സംസ്ഥാനത്തുടനീളം ഞാറ്റുവേലച്ചന്തകളും കർഷക സഭകളും സംഘടിപ്പിക്കുന്നത്. ഞാറ്റുവേല ചന്തകൾ അടുത്തമാസം അഞ്ച് വരെ തുടരും.

*********************************

## സുരേഷ് ഗോപി

ശക്തമായ മഴയിൽ കുന്നിടിഞ്ഞ വർക്കല ക്ലിഫിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയും മുൻ കേന്ദ്രസഹമന്ത്രി വി. മുരളീധരനും സന്ദർശനം നടത്തി. ക്ലിഫ് സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള അടിയന്തര നടപടി സ്വീകരിക്കുമെന്ന് സുരേഷ് ഗോപി പറഞ്ഞു. ജിയോളജി വകുപ്പ്, ജില്ലാ കലക്ടർ എന്നിവരുമായി ചർച്ച നടത്തും. റിപ്പോർട്ട് കേന്ദ്രമന്ത്രാലയങ്ങൾക്ക് ഉടൻ സമർപ്പിക്കുമെന്നും സുരേഷ് ഗോപി പറഞ്ഞു. ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ പ്രകൃതിയുടെ അത്ഭുതമായി രേഖപ്പെടുത്തിയ ക്ലിഫ് സംരക്ഷിക്കാൻ സർക്കാരിൻെറ ഭാഗത്ത് നിന്ന് അടിയന്തര ഇടപെടലുകൾ വേണമെന്ന് വി.മുരളീധരൻ ആവശ്യപ്പെട്ടിരുന്നു. രാവിലെ എട്ടുമണിയോടെ എത്തിയ സംഘം ഒരു മണിക്കൂറോളം സ്ഥലത്തെ സ്ഥിതിഗതികൾ വിലയിരുത്തി.

RNU TVPM

*********************************

## മന്ത്രി ജി.ആർ. അനിൽ

കേരളത്തിൽ നെല്ല് സംഭരണത്തിൽ ആധാർ അധിഷ്ഠിത ബയോമെട്രിക് സംവിധാനം കൊണ്ടുവരുമെന്ന് മന്ത്രി ജി.ആർ. അനിൽ. സബ്സിഡി ഉൾപ്പെടെയുള്ള കാര്യങ്ങളിൽ

ബയോമെട്രിക്ക് സംവിധാനം ആലോചനയിലുണ്ട്. സപ്ലൈകോ ലാഭത്തിലാണെന്നും ചെറിയ പോരായ്മകൾ പരിഹരിച്ച് മുന്നോട്ടു പോകുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

*****************************************

## ഗുരുവായൂർ

ഭക്തജനത്തിരക്ക് മൂലം ഗുരുവായൂരിൽ അടുത്തമാസം ഒന്ന് മുതൽ സ്പെഷ്യൽ ദർശനങ്ങൾക്ക് നിയന്ത്രണം. രാവിലെ ഏഴ് മുതൽ ഉച്ചയ്ക്ക് രണ്ട് മണി വരെയാണ് നിയന്ത്രണം. വി.ഐ.പികൾ ഉൾപ്പെടെയുള്ളവർക്ക് ഈ സമയങ്ങളിൽ ദർശനമുണ്ടാകില്ല. വരിയിൽ നിൽക്കുന്നവർക്ക് മാത്രമാകും ദർശനം. ചോറൂണ് വഴിപാട് കഴിഞ്ഞ് കുട്ടികൾക്കുള്ള സ്പെഷ്യൽ ദർശനവും ശ്രീകോവിൽ നെയ് വിളക്ക് വഴിപാടുകാർക്കുള്ള ദർശനത്തിനും നിയന്ത്രണം ബാധകമല്ല. ജൂലായ് 13 മുതൽ 16 വരെ ക്ഷേത്ര നട വൈകിട്ട് ഒരു മണിക്കൂർ കൂടുതൽ തുറക്കാനും ദേവസ്വം ഭരണ സമിതി യോഗം തീരുമാനിച്ചു.

RNU TVPM

*****************************************

## ബജറ്റ് സമ്മേളനം

നായർ സർവീസ് സൊസൈറ്റിയുടെ ബജറ്റ് സമ്മേളനം ചങ്ങനാശേരി പെരുന്നയിലെ എൻ എസ് ആസ്ഥാന മന്ദിരത്ത് തുടങ്ങി. 2024- 25 സാമ്പത്തിക വർഷത്തെ ബജറ്റും വാർഷിക റിപ്പോർട്ടും എൻ എസ് എസ് ജനറൽ സെക്രട്ടറി ജി സുകുമാരൻ നായർ അവതരിപ്പിക്കുന്നു. പ്രസിഡൻറ് ഡോ എം ശശികുമാർ അധ്യക്ഷത വഹിക്കുന്നു.

*****************************************

## ജലോത്സവം ...ഇൻട്രോ

കേരളത്തിലെ ജലോത്സവങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ടുള്ള ചമ്പക്കുളം മൂലം ജലോത്സവം ഇന്ന് ഉച്ചക്ക് ശേഷം രണ്ട് മണിയോടെ പമ്പയാറ്റിൽ നടക്കും .

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ .രവികുമാർ.**

(വോയ്സ്)

*********************************************

## എൻ ജി ഒ യൂണിയൻ

എൻ ജി ഒ യൂണിയൻ 61-ാം സംസ്ഥാന സമ്മേളനം ഇന്ന് കോഴിക്കോട്ട് . വൈകീട്ട് പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

*********************************************

RNU TVPM

## അനൗൺസ്മെന്റ്

രാജ്യത്ത് പുതിയ മൂന്ന് ക്രിമിനൽ നിയമങ്ങൾ ജൂലൈ ഒന്നിന് പ്രാബല്യത്തിൽ വരികയാണ്. ഇതേക്കുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താവിഭാഗം തയാറാക്കിയ പ്രത്യേക ചർച്ച നാളെ രാത്രി 8:15ന് പ്രക്ഷേപണം ചെയ്യും.

*********************************************

## ട്വൻറി-20

ട്വൻറി-20 പുരുഷ ലോകകപ്പ് ക്രിക്കറ്റിൽ സൂപ്പർ 8 ൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. രാത്രി എട്ട് മണിക്ക് ആൻറിഗ്വയിലെ വിവിയൻ റിച്ചാർഡ്സ് സ്റ്റേഡിയത്തിലാണ് മത്സരം. ട്വൻറി-20 ലോക കപ്പിൽ ബംഗ്ലാദേശിനെതിരെ ഇതുവരെ കളിച്ച നാല് മത്സരങ്ങളിലും ഇന്ത്യക്കായിരുന്നു വിജയം. രാവിലെ ബ്രിഡ്ജ്

ടൗണിൽ നടന്ന കളിയിൽ U S A -യെ 9 വിക്കറ്റിന് വെസ്റ്റ് ഇൻഡീസ് പരാജയപ്പെടുത്തി . ടോസ് നേടിയ വെസ്റ്റിൻഡീസ് U S A യെ ബാറ്റിംഗിന് അയച്ചു. U S A നിശ്ചിത 20 ഓവർ പൂർത്തിയാക്കാൻ ഒരു പന്ത് അവശേഷിക്കെ 128 റൺസിന് പുറത്തായി. മറുപടി ബാറ്റിങ്ങിൽ വെസ്റ്റിൻഡീസ് 10 .5 ഓവറിൽ ലക്ഷ്യം മറികടന്നു.

*************************************

## യൂറോ കപ്പ്

യൂറോ കപ്പ് ഫുട്ബോളിൽ രാവിലെ നടന്ന നെതർലാൻഡ് - ഫ്രാൻസ് മത്സരം ഗോൾ രഹിത സമനിലയിൽ കലാശിച്ചു. വൈകിട്ട് 6.30 ന് നടക്കുന്ന കളിയിൽ ചെക്ക് റിപ്പബ്ലിക്കിന്റെ ടീമായ ചെക്കിയ ജോർജിയയുമായി ഏറ്റുമുട്ടും. പോർച്ചുഗൽ - തുർക്കി മത്സരം രാത്രി 9.30 ന് നടക്കും.

*************************************

RNUTVPM

## മഴ മുന്നറിയിപ്പ്

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് 8 ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. കോട്ടയം, എറണാകുളം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് ഓറഞ്ച് ജാഗ്രത. പത്തനംതിട്ട, ആലപ്പുഴ, തൃശൂർ, പാലക്കാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. അതേസമയം, കേരള തീരത്തും, തമിഴ്നാട് തീരത്തും ഇന്ന് രാത്രി 11.30 വരെ കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു. ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്കും തീരദേശവാസികൾക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ജാഗ്രത നിർദേശം നൽകി.

*************************************

## ടി പി വധക്കേസ്

ടി പി ചന്ദ്രശേഖരൻ വധക്കേസ് പ്രതികളായ ടികെ രജീഷ്, മുഹമ്മദ് ഷാഫി, സിജിത്ത് എന്നിവരെ വിട്ടയയ്ക്കാൻ നീക്കമെന്ന് ആരോപണം. ശിക്ഷായിളവിന് മുന്നോടിയായി പ്രതികളുടെ പൊലീസ് റിപ്പോർട്ട് ആവശ്യപ്പെട്ടെന്നാണ് വിവരം. കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ടാണ് പൊലീസിന് കത്ത് നൽകിയതെന്നും മാധ്യമ വാർത്തകളിൽ കാണുന്നു. എന്നാൽ ഹൈക്കോടതി വിധി മറി കടന്ന് ടിപി വധക്കേസ് പ്രതികളെ വിട്ടയക്കാനുള്ള സർക്കാർ നീക്കത്തിനെതിരെ കോടതിയെ സമീപിക്കുമെന്ന് ടി പി ചന്ദ്രശേഖരന്റെ ഭാര്യ കെ കെ രമ പറഞ്ഞു.

*****************************************

RNU TVPM

## വേമ്പനാട്ടുകായൽ

ദേശീയപാത നിർമ്മാണത്തിനുള്ള മണ്ണ് ക്ഷാമം തുടരവെ ആലപ്പുഴ തോട്ടപ്പള്ളി ലീഡിംഗ് കനാലിനൊപ്പം വേമ്പനാട്ട് കായലിലും ഡ്രഡ്ജിംഗ് നടത്താൻ ജില്ലാ ഭരണകൂടം സർക്കാരിന്റെ അനുമതി തേടി. കളക്ടർ നേരിട്ടാണ് ഖനനാനുമതിയ്ക്കുള്ള ശുപാർശ സർക്കാരിന് കൈമാറിയത്. മണ്ണും മാലിന്യങ്ങളും നിറഞ്ഞ് വേമ്പനാട്ട് കായലിന്റെ സംഭരണ ശേഷി കുറഞ്ഞത് വെള്ളപ്പൊക്കത്തിനും മത്സ്യസമ്പത്തിന്റെ നാശത്തിനും പരിസ്ഥിതി പ്രശ്നങ്ങൾക്കും കാരണമാകുന്നതായി പഠന റിപ്പോർട്ടുകൾ പുറത്തുവന്നതിന് പിന്നാലെയാണ് ഖനനം നടത്താൻ ജില്ലാ ഭരണകൂടം ഒരുങ്ങുന്നത്. ഖനനത്തിന് മുമ്പ് വിദഗ്ദ്ധസമിതിയെ പഠനത്തിന് നിയോഗിക്കാൻ ശുപാർശയുണ്ട്.

*****************************************

## മന്ത്രി വി. അബ്ദുറഹിമാൻ

മലബാറിലെയും മലപ്പുറം ജില്ലയിലെയും പ്ലസ് വൺ സീറ്റ് വിഷയത്തിൽ ശാശ്വതമായ പരിഹാരം ഉണ്ടാക്കുമെന്ന് മന്ത്രി വി. അബ്ദുറഹിമാൻ അറിയിച്ചു. മലപ്പുറം, കോഴിക്കോട്, കണ്ണൂർ കാസർഗോഡ്, പാലക്കാട് ജില്ലകളിൽ നിന്നും എസ്.എസ്.എൽ.സി വിജയിച്ച മുഴുവൻ വിദ്യാർഥികൾക്കും അതത് പ്രദേശങ്ങളിൽ തന്നെ തുടർ പഠനത്തിന് പരമാവധി സൗകര്യമൊരുക്കുമെന്നും മന്ത്രി അറിയിച്ചു.

***********************************

## കെട്ടിടം തകർന്നു

മഴയെ തുടർന്ന് കോഴിക്കോട് അത്തോളി ടൗണിലെ ജീർണിച്ച ഇരു നില കെട്ടിടം തകർന്ന് നിലം പൊത്തി. കെട്ടിട അവശിഷ്ടങ്ങൾ റോഡിലേക്ക് വീണ് സ്കൂട്ടർ യാത്രികന് പരിക്കേറ്റു. ഇന്ന് രാവിലെയാണ് സംഭവം.

RNU TVPM

***********************************

## കൊച്ചി മെട്രോ

കൊച്ചി മെട്രോയുടെയും വാട്ടർ മെട്രോയുടെയും വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന മെഗാ ഫുഡ് ഫെസ്റ്റിന് ഇന്ന് തുടക്കം. കുടുംബശ്രീയുടെ നാടൻഭക്ഷണം മുതൽ അറേബ്യൻ വിഭവങ്ങൾവരെ കൊച്ചി മെട്രോയുടെ കലൂർ പാർക്കിംഗിലെ ഫുഡ് ഫെസ്റ്റിൽ ലഭ്യമാകും. വീട്ടമ്മമാരെ പങ്കെടുപ്പിച്ച് പാചകമത്സരം, വിദ്യാർത്ഥികളുടെ ചിത്രരചനാ മത്സരം, സാംസ്കാരിക പരിപാടികൾ എന്നിവയും ഉണ്ടാകും. ഫുഡ്ഫെസ്റ്റിന്റെ ഉദ്ഘാടനം വൈകിട്ട് കൊച്ചി മെട്രോ എം.ഡി. നിർവഹിക്കും. അടുത്തമാസം മൂന്നിന് ഫുഡ് ഫെസ്റ്റ് സമാപിക്കും.

***********************************

## സ്വർണം

സ്വർണവിലയിൽ ഇന്ന് ഇടിവ് രേഖപ്പെടുത്തി. ഗ്രാമിന് 80 രൂപ കുറഞ്ഞ് 6,635 രൂപയും, പവന് 640 രൂപ താഴ്ന്ന് 53,080 രൂപയുമാണ് ഇന്നത്തെ വില.

***********************************

## ലോക മഴക്കാടുകളുടെ ദിനം

ഇന്ന് ലോക മഴക്കാടുകളുടെ ദിനം. ഭൂമിയുടെ ഏറ്റവും വലിയ വിഭവങ്ങളിലൊന്നായ മഴക്കാടുകളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനും അവയുടെ സംരക്ഷണത്തിനുള്ള ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ് എല്ലാവർഷവും ജൂൺ 22 ലോക മഴക്കാടുകളുടെ ദിനമായി ആചരിക്കുന്നത്. 'ആഗോളശാക്തീകരണം മഴക്കാടുകളുടെ സംരക്ഷണത്തിലൂടെ' എന്നതാണ് ഇത്തവണത്തെ പ്രമേയം. ഭൂമിയെ ആരോഗ്യകരമായി നിലനിർത്തുന്നതിൽ മഴക്കാടുകൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് വരുംതലമുറകളെ ബോധവാന്മാരാക്കുക എന്നതും ഈ ദിനാചരണത്തിന്റെ ലക്ഷ്യങ്ങളിലൊന്നാണ്.

RNUTVPM

***********************************************************************